(ഡി) കാലവർഷം കഴിയുന്നതുവരെ അഡ്വാൻസായി റേഷൻ മുടങ്ങാതെ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യഫെഡ് വഴി 80 മത്സ്യത്തൊഴിലാളികൾക്കായി 17115 രൂപയുടെ ധനസഹായം നൽകി.

(സി) സൗജന്യറേഷൻ അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) റേഷൻ അഡ്വാൻസായി നൽകുന്ന കാര്യം ആലോചനയിലില്ല.

29 (425) പ്രകൃതിക്ഷോഭം നേരിടാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഉണ്ടായ പ്രകൃതിക്ഷോഭത്തിലും വെള്ളപ്പൊക്കത്തിലും മത്സ്യത്തൊഴിലാളി മത്സ്യബന്ധനമേഖലയിൽ എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന് എന്തെല്ലാം നഷ്ടപരിഹാര നടപടികൾ കൈക്കൊള്ളാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മത്സ്യബന്ധനത്തിന് പോയി വള്ളവും വലയും നഷ്ടപ്പെട്ട നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും ആശ്വാസ ആനുകൂല്യങ്ങൾ നൽകുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 23,29000 രൂപയുടെ.

(ബി) മത്സ്യഫെഡ് വഴി മത്സ്യബന്ധന ഉപകരണങ്ങൾ വായ്പയായി ലഭിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) 5 പേർക്ക് താൽക്കാലിക ആശ്വാസമായി മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസനിധിയിൽനിന്നും 1500 രൂപ വീതം നൽകുകയുണ്ടായി.

30 (426) നബാർഡ് സഹായത്തോടെ റോഡ്

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പ് ബ്ലോക്ക് പഞ്ചായത്ത് മുഖേന നബാർഡ് സഹായത്തോടെ നിർമ്മിക്കുന്ന കാസർഗോഡ് ജില്ലയിലെ നീലേശ്വരം

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്കിൽ തയ്പ്പേനി - അത്തിയടുക്കം റോഡ് ഇനിയും നിർമ്മാണമാരംഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(സി) ഈ റോഡിന്റെ നിർമ്മാണപ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടെണ്ടർ അംഗീകരിച്ചു. എഗ്രിമെന്റ് വച്ചിട്ടുണ്ട്. (നമ്പർ 46/98-99 തീയതി 19.2.99).

(സി) 99 ജൂലൈ രണ്ടാംവാരം പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

31 (427) സഹായധനം നല്കാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം സാംസ്കാരിക വകുപ്പിൽ സഹായധനം നല്കാൻ എന്ത് തുക ബഡ്ജറ്റിൽ വകയിരുത്തി;

(ബി) ഈ ഇനത്തിൽ എന്ത് തുക ചെലവാക്കി;

(സി) എന്ത് തുക മിച്ചം വന്നു?

ഉത്തരം

(എ)-(സി) സംസ്ഥാന കലാകാരപെൻഷന് 56,01,000/- രൂപയും, ചികിൽസാ ധനസഹായപദ്ധതിയ്ക്ക് 54,000/- രൂപയും, ശ്രീമതി ശ്രീദേവി ചങ്ങമ്പുഴയ്ക്കും, ശ്രീമതി മേരി ആന്റണിയ്ക്കും ധനസഹായം നല്കുന്നതിന് 24,000/- രൂപ വീതവും (നോൺ പ്ലാൻ) ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ കലാകാര പെൻഷൻ പദ്ധതി പ്രകാരം 50,52,086 രൂപയും ചികിൽസാ ധനസഹായത്തിന് 52,500/- രൂപയും മറ്റ് രണ്ടിനങ്ങളിലും മുഴുവൻ തുകയും ചെലവായിട്ടുണ്ട്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പെൻഷന് കൊടുക്കാൻ ബഡ്ജറ്റ് വിഹിതം തികയാത്തതിനാലും, മറ്റ് രീതിയിൽ ബാക്കി തുക കണ്ടെത്താൻ സാധിക്കാത്തതിനാലും, ബാക്കി വന്ന 5,48,000/-രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. പ്ലാൻ സ്കീമിൽ കേന്ദ്ര സംസ്ഥാന കലാകാരപെൻഷൻ അനുവദിക്കുന്നതിന് വകയിരുത്തിയിരുന്ന 6 ലക്ഷം രൂപയോടൊപ്പം അഡീഷണൽ ആതറൈസേഷൻ മുഖേന 9.30 ലക്ഷം രൂപ കൂടി വകയിരുത്തി 85 കലാകാരന്മാർക്ക് 1997-98 സാമ്പത്തികവർഷത്തെ (12 മാസക്കാലം) പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly